സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## വാർത്താക്കുറിപ്പ്

ശബരിമല വനമേഖലയിലെ ആദിവാസികളെ ഏറ്റെടുത്ത് സംരക്ഷിയ്ക്കാനൊരുങ്ങി തിരുവിതാംകൂർ ദേവസ്വം ബോർഡ്. ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ശബരിമല വനമേഖലയിലുള്ള ആദിവാസികളെ ഏറ്റെടുത്ത് സംരക്ഷിയ്ക്കുമെന്ന നിർണ്ണായക തീരുമാനം ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാറും അംഗങ്ങളായ കെ.പി.ശങ്കരദാസ്, രാഘവൻ എന്നിവർ വ്യക്തമാക്കിയത്. വീട്, വിദ്യാഭ്യാസം, തൊഴിൽ എന്നിവയൊന്നുമില്ലാതെ അലഞ്ഞു തിരിയുന്ന നിരവധി ആദിവാസി കുടുംബങ്ങളാണ് ശബരിമല വനപ്രദേശത്ത് വർഷങ്ങളായി ഉള്ളത്. ആദിവാസികളുടെ ദയനീയാവസ്ഥ നേരിട്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് വീടും വിദ്യാഭ്യാസവും തൊഴിലും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചതെന്ന് പ്രസിഡന്റ് എ. പത്മകുമാർ Ex MLA പറഞ്ഞു. വീട് വച്ച് നൽകുക, കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുക, നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം അവർക്ക് യോഗ്യത അനുസരിച്ച് ജോലി കൊടുക്കുക. വസ്ത്രം, ഭക്ഷണം, ചികിത്സ എന്നിവയ്ക്ക് വഴിയൊരുക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി വലിയൊരു പദ്ധതിയാണ് ശബരിമല വനത്തിലെ ആദിവാസികൾക്കായി ദേവസ്വം ബോർഡ് തയ്യാറാക്കുന്നതെന്ന് പ്രസിഡന്റ് വാർത്താ കുറിപ്പിൽ അറിയിച്ചു. മുഖ്യമന്ത്രി, വകുപ്പ് മന്ത്രി എന്നിവരുമായി ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തും. എസ്.സി/എസ്.റ്റി വകുപ്പ് മന്ത്രിയുമായും വിശദമായ കൂടിക്കാഴ്ച നടത്തുന്നുണ്ട്. പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പുമായി കൈകോർത്ത് പദ്ധതി നടപ്പാക്കാനാണ് ബോർഡിന്റെ തീരുമാനം. മുഖ്യമന്ത്രിയുമായി അടുത്തയാഴ്ച പദ്ധതി സംബന്ധിച്ച് ചർച്ച നടത്തും. സർക്കാർ തല ചർച്ചകൾക്ക് ശേഷമായിരിക്കും വിഷയത്തിൽ ദേവസ്വം ബോർഡ് അന്തിമ അംഗീകാരം നൽകുകയെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ വ്യക്തമാക്കി.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

തിരുവനന്തപുരം
22.06.2018